**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154** **23-08-2022 - ൽ മറുപടിയ്ക്ക്**

**വിതുര ഫയർസ്റ്റേഷന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏകദേശം അഞ്ചര ഏക്കർ ഭൂമിയിലെ നാല്പത് സെന്റ് ഭൂമിയിൽ, പഴക്കം ചെന്നതും അപകടഭീഷണിയിലായതുമായ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന വിതുര ഫയർസ്റ്റേഷന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | (എ) | നിലവിൽ ഫയർ സ്റ്റേഷൻ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമി പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലാണ് ഉള്ളത്. ആയതിനാൽ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഫയർ സ്റ്റേഷൻ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമി ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പോലീസ് വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതിനൽകുകയോ ചെയ്യണമെന്ന് സംസ്ഥാന പോലീസ് മേധാവിയോട് വകുപ്പ് തലത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഫയർസ്റ്റേഷൻ പ്രവർത്തിച്ചുവരുന്ന നാല്പത് സെന്റ് ഭൂമി ഫയർ & റെസ്ക്യൂ വകുപ്പിന് വിട്ടുനൽകുകയോ അല്ലെങ്കിൽ പ്രസ്തുത ഭൂമിയിൽ കെട്ടിടം പണിയുന്നതിന് അനുമതി നൽകുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | clause (A) -യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ